


*കേരകർഷകസംഘത്തിന്റെ നീര ഉൽപാദക പ്രവർത്തക സംസ്ഥാന സെമിനാർ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു*

# നീര ഉൽപാദക പ്രവർത്തക സംസ്ഥാന സെമിനാർ

കൊച്ചി: കേരകർഷകരുടെ വരും നാളുകളിലെ മുഖ്യവരുമാന മാർഗമായിരിക്കും നീര ഉൽപാദനമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്. മികച്ച ആദായം ലഭിക്കുന്ന നീര ഉൽപാദനം എത്രയും വേഗം പ്രാബല്യത്തിലാക്കണം. അന്താരാഷ്ട്ര വിപണിയിൽ ഒരു ഗ്യാലൻ നീരക്ക് ഒരു ബാരൽ ക്രൂഡോയിലിനെക്കാൾ വിലയുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേര കർഷക സംഘം ആഭിമുഖ്യത്തിൽ നടന്ന നീര ഉൽപാദക പ്രവർത്തക സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതി വിഹിതത്തിൽ കാർഷികമേഖലക്ക് മൊത്തത്തിൽ അനുവദിക്കുന്ന തുക തീരെ കുറവാണ്. ഇത് കാർഷിക മേഖലയെ തളർത്തുകയാണ്. ശ്രീലങ്കയിൽ തെങ്ങുകൃഷിക്ക് മാത്രമായി ഒരുവകുപ്പും ഒരുമന്ത്രിയുമുണ്ട്. നാളികേരവുമായി ബന്ധപ്പെട്ട് ഇന്ത്യയെക്കാൾ കൂടുതൽ വിദേശനാണ്യം ശ്രീലങ്ക നേടുന്നുണ്ടെന്നും ടി.കെ. ജോസ് പറഞ്ഞു. വരാപ്പുഴ കൃഷി ഓഫിസർ സി.എസ്. ബിന്ദു അധ്യക്ഷത വഹിച്ചു.

നീര പ്രോസസിങ് എൻജിനീയർ ശ്രീകുമാർ പൊതുവാൾ, പ്രോസസിങ് മാനേജർ ശ്രീജിത എന്നിവർ ക്ലാസെടുത്തു. കേരകർഷക സംഘം സംസ്ഥാന പ്രസിഡന്റ് ഐ.വി. ശശാങ്കൻ, സെക്രട്ടറിമാരായ കെ.എം. സാലിഹ്, റോയ് ബി. തച്ചേരി, കെ.പി. കൃഷ്ണൻകുട്ടി കോഴിക്കോട്, ജി. ഗോപിനാഥൻ കൊല്ലം, എറണാകുളം ജില്ലാ പ്രസിഡന്റ് ഡേവിഡ് പറമ്പിത്തറ, ഫ്രാൻസിസ് പെരുമന, ജോസ് പയ്യപ്പിള്ളി ,പി.വി. അഹമ്മദ്കുട്ടി, കെ.എ. തോമസ്, സി.വി. ജോളി ചക്യത്ത് എന്നിവർ സംസാരിച്ചു. തലയിൽ പി. അയ്യപ്പൻ നായർ (തിരുവനന്തപുരം), ഡോ.ആർ. സദാശിവൻ (കൊല്ലം), കെ. മന്മഥൻ അശ്വതി (ആലപ്പുഴ), കെ.എ. തോമസ് (എറണാകുളം), കെ.കെ. അബ്ദുല്ല (തൃശൂർ), ടി.ജെ. ജോർജ് (മലപ്പുറം), എ.എം. അസൈൻ (കോഴിക്കോട്) എന്നീ മികച്ച കേരകർഷകരെ ചടങ്ങിൽ ഉപഹാരങ്ങൾ നൽകി ആദരിച്ചു.